# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1865 | 06/07/2015 ൽ മറുപടിക്ക് |
|---|---|

## വിജിലന്റ് കേരള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ടി.എൻ.പ്രതാപൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | ജനങ്ങളുടെ പങ്കാളിത്തത്തോടെ ഓരോ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും നടപ്പാക്കുന്ന അഴിമതി വിരുദ്ധ പദ്ധതിയാണ് വിജിലന്റ് കേരള. ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്ത് 100% അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും, ഭരണ സംവിധാനങ്ങളുമാണ് വിജിലന്റ് കേരള പദ്ധതി നടപ്പിലാകുന്നതിലൂടെ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെയെല്ലാമാണ് സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; | (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെ പറയുന്നവരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നു :<br>(1)സർക്കാർ/അർദ്ധസർക്കാർ ഓഫീസുകളിലോ സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ<br>(2)അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി സജീവ പങ്കാളികളാവുന്നവർ<br>(3) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും.<br>(4) ജില്ലകളിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും<br>(5) ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും<br>(6) വകുപ്പ് മേധാവികൾ, പൊതുമേഖലാ സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ<br>(7) വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ നടത്തിയിട്ടുള്ള സജ്ജീകരണങ്ങൾ വിശദമാക്കാമോ ? | (ഡി) | വിജിലന്റ് കേരള എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നടന്നിട്ടില്ലാത്തതിനാൽ ഭരണ തലത്തിൽ സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ